"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട് ഇരുമ്പകശ്ശേരി എ.യു.പി. സ്കൂൾ മാനേജർ ശ്രീ. മൊഹമ്മദ് സി.പി. ഫയൽ ചെയ്ത WP(C) No. 9579/2024 -ന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 12/03/2024-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.10425/2025/GEDN** തീയതി,തിരുവനന്തപുരം, 22-12-2025

---

പരാമർശം:-

1. പാലക്കാട് ഇരുമ്പകശ്ശേരി എ.യു.പി. സ്കൂൾ മാനേജർ ശ്രീ. മൊഹമ്മദ് സി.പി. സർക്കാരിൽ സമർപ്പിച്ച 07/09/2023 തീയതിയിലെ പുന:പരിശോധന ഹർജി (Ext. P5).
2. ബഹു. കേരള ഹൈക്കോടതിയുടെ WP(C) No. 9579/2024 ന്മേലുള്ള 12/03/2024 തീയതി വിധിന്യായം.
3. തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 25/09/2024 തീയതിയിലെ AEOTRL/757/2024-C നമ്പർ കത്ത്.
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 06/10/2024 തീയതിയിലെ DDEPKD/2555/2024-B3 നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28/09/2024, 26/08/2025 തീയതികളിലെ DGE/16715/2024-RA1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ഇരുമ്പകശ്ശേരി AUP സ്കൂൾ മാനേജർ ഫയൽ ചെയ്ത **WP(C) 9579/2024**-ന്മേൽ ബഹു. ഹൈക്കോടതി 12.03.2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, ഹർജിക്കാരനെയും മറ്റു കക്ഷികളെയും കേൾക്കുന്നതിനും EXT P5 (Revision Petition of the petitioner) പരിശോധിച്ച് 4 മാസത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

**2. ഹർജിക്കാരനായ ഇരുമ്പകശ്ശേരി AUP സ്കൂൾ മാനേജരുടെ അപേക്ഷ ഇപ്രകാരമാണ്** :

1. ഇരുമ്പകശ്ശേരി എയുപി സ്കൂൾ, തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാരപരിധിയിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്. 2022-23 അധ്യായന വർഷം തസ്തിക ഉത്തരവ് അനുവദിച്ച ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, സ്കൂളിന് 8 എൽ.പി. ഡിവിഷനും 13 യുപി ഡിവിഷനും ഉൾപ്പെടെ 21 ഡിവിഷനുകൾ അനുവദിച്ചും ഒരു ലാംഗ്വേജ് അറബിക് തസ്തിക അധികമായി ശിപാർശ ചെയ്തും തസ്തികനിർണയ ഉത്തരവ് പുറപ്പെടുവിച്ചു.

2017-18 അദ്ധ്യയന വർഷം മുതൽ ഇപ്രകാരം സ്കൂളിന് 21 ഡിവിഷൻ ലഭ്യമായിരുന്നു. 2017-18 അദ്ധ്യയന വർഷം സ്കൂളിൽ ഒരു അധിക യു.പി.എസ്.എ അനുവദിച്ചതാണ് അപ്രകാരം 21 ഡിവിഷൻ അനുവദിച്ചത്.

2. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്ത 2022-23 വർഷത്തെ അധിക എൽ.ജി. അറബിക് തസ്തിക സൃഷ്ടിക്കാൻ സർക്കാർ അനുവാദം നൽകി. തുടർന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രസ്തുത അധിക എൽ.ജി. അറബിക് തസ്തിക അനുവദിച്ച് തസ്തിക തന്നെ ഉത്തരവ് നിർണയ ഉത്തരവ് പുനക്രമീകരിച്ചു. എന്നാൽ അപ്രകാരം ഉത്തരവു പുറപ്പെടുവിച്ചപ്പോൾ 2022-23 അധ്യായന വർഷം അനുവദിച്ച ഒരു യുപി ഡിവിഷനും തസ്തികയും കുറവ് ചെയ്തു. ഇപ്രകാരം കുറവ് ചെയ്തത് പ്രസ്തുത അധ്യായന വർഷത്തിനു ശേഷമാണ്.

3. 2023-24 അധ്യയന വർഷത്തിലെ തസ്തിക നിർണയ ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 8 എൽ.പി. ഡിവിഷനും 12 യു.പി. ഡിവിഷനും ഉൾപ്പെടെ 20 ഡിവിഷനുകളാണ് അനുവദിച്ചത്. മുൻവർഷം 21 ഡിവിഷനുകൾ അനുവദിച്ച സ്ഥാനത്താണ് ഇപ്രകാരം 20 ഡിവിഷനുകൾ അനുവദിച്ചത്. ഉത്തരവിൽ കുട്ടികളുടെ എണ്ണം അനുസരിച്ച് സ്കൂളിൽ 26 ക്ലാസ് ഡിവിഷനുകൾക്ക് സാധ്യതയുണ്ട് എന്ന് വിദ്യാഭ്യാസ ഓഫീസർ നിരീക്ഷിച്ചിട്ടുണ്ട്

4. 2 പ്രീ പ്രൈമറി ക്ലാസ് ഡിവിഷനുകൾ സ്കൂളിൽ പ്രവർത്തിച്ചു വരുന്നുവെന്നും സ്കൂളിലെ സ്റ്റേജ് ഒരു പ്രീ പ്രൈമറി വിഭാഗത്തിനായി പരിഗണിച്ചാൽ പോലും 20 പ്രൈമറി ഡിവിഷനുകൾ പ്രവർത്തിക്കാനുള്ള അക്കോമഡേഷൻ മാത്രമേ സ്കൂളിൽ ലഭ്യമാവൂ എന്ന് വിദ്യാഭ്യാസ ഓഫീസർ നിരീക്ഷിച്ചിട്ടുണ്ട്. പ്രസ്തുത നിരീക്ഷണം ശരിയല്ല. 2022-23 അധ്യായന വർഷം സ്കൂളിൽ ആകെ 24 അക്കോമഡേഷനുകൾ അനുവദനീയമാണ്. ഇത് ഒരു പ്രീ പ്രൈമറി സെക്ഷൻ കഴിഞ്ഞ് 21 ക്ലാസ് ഡിവിഷനുകൾ പ്രൈമറി വിഭാഗത്തിൽ പ്രവർത്തിക്കാൻ മതിയാവുന്നതാണ്. കൂടാതെ പ്രീ പ്രൈമറി വിഭാഗം പ്രവർത്തിക്കുന്നത് സ്കൂളിലെ സ്റ്റേജിലാണ് ഇത് സ്കൂളിന്റെ അക്കോമഡേഷനായി പരിഗണിച്ചിട്ടില്ല.

5. കൂടാതെ, വിദ്യാഭ്യാസ അവകാശം നിയമപ്രകാരം സ്കൂളിലെ കുട്ടികളുടെ എണ്ണം അനുസരിച്ച് തസ്തിക അനുവദിച്ച് തസ്തിക നിർണയ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ സ്കൂളിലെ അക്കോമഡേഷൻ പരിഗണിക്കേണ്ടതില്ല എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് റിട്ട് ഹർജി നമ്പർ 15913/2021 വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആകയാൽ 2022-23, 23-24 അധ്യയന വർഷങ്ങളിൽ സ്കൂളിൽ 21 ഡിവിഷൻ ലഭ്യമാക്കാതിരുന്നതിന് യാതൊരു ന്യായീകരണവുമില്ല.

6. 2015-16 അദ്ധ്യായന വർഷം സ്കൂളിന് ലഭ്യമായിരുന്നത് 18 ഡിവിഷനുകളാണ്. 2016/17 അദ്ധ്യായന വർഷം ഡിവിഷനുകളുടെ എണ്ണം 21 ആയി മാറി. അപ്രകാരം 3 അധിക തസ്തികയിൽ 2 എണ്ണം 1:1 അനുപാതത്തിന്റെ അടിസ്ഥാനത്തിൽ 2 തസ്തികളാണ് സംരക്ഷിതാദ്ധ്യാപകർക്കായി മാറ്റി വെക്കേണ്ടത്. 2016-17 അദ്ധ്യയന വർഷം മുതൽ നാളിതുവരെ ഒരു അധികതസ്തികയിലെ നിയമനവും അംഗികരിച്ചിട്ടില്ല. 2022-23 അദ്ധ്യയന

വർഷം സ്കൂളിൽ 2 അധികതസ്തികയിലാണ് അദ്ധ്യാപകർ ജോലി ചെയ്യുന്നത് (1) 2021-22 മുതൽ യു.പി.എസ്.എ.യായി ജോലി ചെയ്യുന്ന ശ്രീ.അമലും 2023 മുതൽ യു.പി.എസ്.എ.യായി ജോലി ചെയ്യുന്ന ശ്രീമതി. ഷിജി ടി.കെ.യും ഇവരുടെ നിയമനം അംഗീകരിക്കാനായി മാനേജർ 2 എൽ.പി.എസ്.എ തസ്തികകൾ സംരക്ഷിതാദ്ധ്യാപികർക്കായി വിട്ടു നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിലാണ് 2022-23-ൽ തസ്തിക നിർണ്ണയ ഉത്തരവ് അനുവദിച്ച ഒരു യു.പി.എസ്.എ തസ്തിക മുൻകാല പ്രാബല്യത്തിൽ തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പിൻവലിച്ചത്. ഇത് നിയമ പ്രകാരം നിലനിൽക്കില്ല.

7. അക്കോമോഡേന്റെ കുറവ് ചൂണ്ടികാണിച്ച് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ യു.പി.യിലെ ഒരു ഡിവിഷനാണ് കുറവ് ചെയ്തത്. യഥാർത്ഥത്തിൽ സംരക്ഷിതാദ്ധ്യാപകരെ വിട്ട് നൽകാത്ത സാഹചര്യത്തിൽ എൽ.പി.യിലെ 2 ഡിവിഷനുകളാണ് പ്രവർത്തിക്കാതിരുന്നത്. എഇഒ.യുടെ 13.8.2022-ലെ ഉത്തരവ് പ്രകാരം അനുവദിച്ച 13 ഡിവിഷനുകളും സ്കൂളിൽ പ്രവർത്തിച്ചിരുന്നു. അത് പരിഗണിക്കാതെയാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ യു.പി.യിലെ അനുവദിനീയമായതും പ്രവർത്തിച്ചതുമായ ഒരു ഡിവിഷൻ കുറവ് ചെയ്ത് ഉത്തരവ് ഇറക്കിയത്.

8. എയ്ഡഡ് സ്കൂളിൽ ഫിറ്റ്നസിന്റെ അടിസ്ഥാനത്തിൽ കെ.ഇ.ആർ പ്രകാരം പ്രവർത്തിക്കേണ്ട ഡിവിഷനുകൾക്കാണ് പ്രാമുഖ്യം നൽക്കേണ്ടത്. ഫിറ്റ്നസ് പ്രകാരം 22 ഡിവിഷനുകൾ പ്രവർത്തിക്കാനുള്ള അക്കോമേഡഷൻ ഉണ്ട്. കുട്ടികളുടെ എണ്ണം പ്രകാരം 21 ഡിവിഷനുകളാണ് ലഭ്യമാക്കേണ്ടത്. ഇതിൽ 21 ഡിവിഷനുകൾക്ക് സ്കൂളിൽ സൗകര്യപ്പെടുത്തിയിരുന്നു. അധികമായിരുന്ന ഒരു അക്കോമഡേഷനിൽ (സ്കൂളിന്റെ സ്റ്റേജിൽ) പ്രീ പ്രൈമറി വിഭാഗം പ്രവർത്തിച്ചിരുന്നു. എന്നിരുന്നാലും സംരക്ഷിതാദ്ധ്യാപകരെ വിട്ടു നൽകാത്ത സാഹചര്യത്തിൽ ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തിക്കാനായി 2 ക്ലാസ്സ് മുറികൾ മാറ്റി വെക്കുകയും അവിടുത്തെ കുട്ടികളെ മറ്റു ക്ലാസ്സ് മുറികളിൽ താൽകാലികമായി ഉൾക്കൊള്ളുകയും ചെയ്തു. പ്രസ്തുത ക്ലാസ്സ് പ്രവർത്തിച്ചിട്ടില്ല എന്ന കാരണത്താൽ പ്രസ്തുത ഡിവിഷൻ അനുവദിക്കാതിരിക്കരുതെന്ന് സർക്കാർ സ്പഷ്ടമാക്കിയിട്ടുണ്ട്. (സ.ഉ.(സാധാ)നം.4784/2014/പൊ.വി.വ 13.12.2017).

മേൽ സാഹര്യത്തിൽ 2022-23 അദ്ധ്യയന വർഷം എഇഒ.യുടെ 13.8.2022-ലെ ഉത്തരവ് പ്രകാരം അനുവദിച്ചു തന്ന 13 യു.പി.ഡിവിഷൻ ഉൾപ്പെടെയുള്ള 21 ഡിവിഷനുകൾ നിലനിർത്തിയും 2 അധിക യു.പി.എസ്.എ തസ്തികകളിൽ നിയമിതരായ അദ്ധ്യാപകരുടെ നിയമനങ്ങൾ, 2 എൽ.പി.എസ്.എ തസ്തികകൾ സംരക്ഷിതാദ്ധ്യാപകർക്കായി വിട്ടു നൽകിയിരുന്നു എന്ന് പരിഗണിച്ച് അവരുടെ നിയമനങ്ങൾ അംഗീകരിച്ചു നൽക്കണമെന്ന് അപേക്ഷിക്കുന്നു.

**3. പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് ചെയ്തു :**

പാലക്കാട് ജില്ലയിലെ തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് പരിധിയിൽ ഉൾപ്പെട്ട ഇരിമ്പകശ്ശേരി എ.യു.പി. സ്കൂളിലെ 2022-23 വർഷത്തെ തസ്തിക നിർണ്ണയം തൃത്താല

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13.08.2022-ലെ ദീ.തീ/സി/48283/2022 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയിരുന്നു. 26.05.2022 തീയതിയിൽ തിരുമറ്റക്കോട് ഗ്രാമപഞ്ചായത്ത് LSGD അസിസ്റ്റന്റ് എഞ്ചിനീയർ അനുവദിച്ച ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം ലഭ്യമായ 23 മുറികളിൽ രണ്ട് എക്സ്ട്രാ സ്പേസ് ഒഴിവാക്കി ബാക്കിയുള്ള 21 ക്ലാസ്സ് മുറികൾക്ക് ആനുപാതികമായി LP വിഭാഗത്തിൽ 8-ഉം യു.പി വിഭാഗത്തിൽ 13-ഉം ഉൾപ്പെടെ ആകെ 21 ഡിവിഷനുകളാണ് മേൽ പറഞ്ഞ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നത്. കൂടാതെ 1, 5, 6 ക്ലാസ്സുകളിൽ അറബിക് പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിലെ വർധനവിന് അനുസരിച്ച് യു പി വിഭാഗത്തിൽ ഒരു അധിക ജൂനിയർ അറബിക് തസ്തികയ്ക്ക് കൂടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്യുകയും ചെയ്തു.

തുടർന്ന് 1, 5, 6 ക്ലാസ്സുകളിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്ത അധിക അറബിക് ഡിവിഷനുകളിൽ അഞ്ചാം ക്ലാസ്സിലെ അധിക അറബിക് ഡിവിഷൻ കുറവ് ചെയ്ത 1, 6 ക്ലാസ്സുകളിൽ അധിക ജൂനിയർ അറബിക് തസ്തിക അനുവദിക്കുന്നതിനും തത്ഫലമായി LP-യിൽ 32 പീരിയഡും യു.പി.യിൽ 28 പീരിയഡും വരുന്നതിനാൽ ഒരു അധിക ജൂനിയർ ലാംഗ്വേജ് LP വിഭാഗത്തിൽ അനുവദിക്കുന്നതിനും 04.11.2022-ൽ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂൾ സന്ദർശിച്ച് ഈ കാര്യാലയത്തിലേയ്ക്ക് ശിപാർശ ചെയ്യുകയുണ്ടായി. കൂടാതെ, തസ്തിക നിർണ്ണയത്തിൽ പരിഗണിച്ചിരുന്ന ക്ലാസ്സ് മുറികളിൽ 2 പ്രീ പ്രൈമറി ക്ലാസ്സുകൾ നടത്തിയിരുന്നതിനാൽ അക്കോമഡേഷൻ ലഭ്യമല്ലെന്നും തസ്തിക നിർണ്ണയത്തിന് പരിഗണിക്കാതിരുന്ന സ്റ്റേജ് കൂടി പരിഗണിച്ചാൽ പോലും ഒരു ക്ലാസ് മുറിയുടെ കുറവ് വരുന്നതിനാൽ നിലവിൽ അനുവദിച്ച ഡിവിഷനുകൾ പ്രവർത്തിക്കുന്നതിന് മതിയായ അക്കോമഡേഷൻ ഇല്ലാത്തതിനാൽ എക്സ്ട്രാ സ്പേസ് ആയി 3 മുറികൾ കുറയ്ക്കുകയും അഞ്ചാം ക്ലാസ്സിൽ ഒരു ഡിവിഷൻ കുറവ് വരുത്തുകയും തത്ഫലമായി ഒരു യു.പി.എസ്.ടി. തസ്തിക കുറവ് വരുത്തുന്നതിന് കൂടി ശിപാർശ ചെയ്യുകയുമുണ്ടായി. അധിക തസ്തികയ്ക്ക് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തത് പ്രകാരം സ.ഉ.(കൈ) നം.95/2023/പൊ.വി.വ തീയതി 07.07.2023 പ്രകാരം എൽ.പി. വിഭാഗത്തിൽ ഒരു അധിക ജൂനിയർ അറബിക് തസ്തിക അനുവദിച്ചത് പ്രകാരം ടി തസ്തിക അനുവദിച്ചും, അഞ്ചാം ക്ലാസ്സിൽ ഒരു ഡിവിഷനും ആനുപാതികമായി ഒരു യു.പി.എസ്.ടി തസ്തികയും കുറവ് വരുത്തി എൽ.പി വിഭാഗത്തിൽ 8-ഉം യു.പി വിഭാഗത്തിൽ 12-ഉം ഉൾപ്പെടെ ആകെ 20 ഡിവിഷനുകൾ തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ചു നൽകുകയുണ്ടായി.

സ.ഉ.(അച്ചടി)നം.5/2022/പൊ.വി.വ തീയതി 18.04.2022 നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം കെ.ഇ.ആർ അദ്ധ്യായം XIII ചട്ടം 12 ഉൾപ്പെടെ ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിയിട്ടുള്ളതാണ്. അതനുസരിച്ച് അഡീഷണൽ ഡിവിഷനുകളും തസ്തികകളും ഒക്ടോബർ 1 മുതൽ അനുവദിക്കുന്നതാണെന്നും ഒരു അധ്യയന വർഷത്തിൽ ജനുവരി 31 വരെ, മതിയായ കാരണങ്ങളില്ലാതെ കുട്ടികളുടെ എണ്ണത്തിൽ വരുന്ന കുറവുമൂലം, അനുവദിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഡിവിഷനുകളേയോ തസ്തികകളേയോ ബാധിക്കുകയാണെങ്കിൽ അത്തരം ഡിവിഷനുകളും തസ്തികകളും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ടി വ്യവസ്ഥ പ്രകാരമാണ് 2022-23-ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 21 ഡിവിഷനുകൾ അനുവദിച്ചിരുന്നെങ്കിലും ഒറ്റപ്പാലം

ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉന്നതതല പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു യു.പി. ഡിവിഷൻ കുറയ്ക്കുന്നതിനായി ശിപാർശ ചെയ്തതു പ്രകാരമാണ് തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒരു യു.പി. ഡിവിഷൻ കുറവ് വരുത്തി 2022-23 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പുനർനിർണ്ണയിച്ചിരിക്കുന്നത്.

2023-24 അധ്യയന വർഷത്തിൽ, നിലവിലുണ്ടായിരുന്ന കെട്ടിടത്തിനു മുകളിലായി നിർമ്മിച്ച 3 ക്ലാസ് മുറികൾക്ക് തൃത്താല ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ 15.07.2023 തീയതി പ്രകാരം ഫിറ്റ്നസ് അനുവദിക്കുകയും 11.08.2023-ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂൾ സന്ദർശിച്ച് ടി 3 ക്ലാസ്സ് മുറികളിൽ അധ്യയനം നടത്തുന്നതിനു അനുയോജ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സുകൾ നടത്തുന്നതിനു അനുമതി നൽകിയിട്ടുണ്ട്. ടി സ്കൂളിൽ ലഭ്യമായ ആകെ 26 ക്ലാസ് മുറികളിൽ 2 എക്സ്ട്രാ ക്ലാസ് മുറികളും 2 പ്രീ- പ്രൈമറി ക്ലാസ് മുറികളും ഒഴിവാക്കി ബാക്കിയുള്ള 22 ക്ലാസ് മുറികൾക്ക് അനുസൃതമായി അനുവദനീയമായ 22 ഡിവിഷനുകളിൽ മുൻവർഷം നിലനിന്നിരുന്ന 20 ഡിവിഷനുകൾ (യു.പി-12, എൽ.പി-8) എന്നിവ തസ്തിക നിർണ്ണയത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിക്കുകയും 5, 6 ക്ലാസ്സുകളിൽ ഓരോ അധിക ഡിവിഷനും ആനുപാതികമായി രണ്ട് അധിക യു.പി.എസ്.ടി തസ്തികകൾക്കും ശിപാർശ ചെയ്യുകയും ചെയ്തു. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉന്നതല പരിശോധനയിലും ടി തസ്തികകൾ അനുവദിക്കാമെന്ന് ഈ കാര്യാലയത്തിലേയ്ക്ക് ശിപാർശ ചെയ്തത് പ്രകാരം അത് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുകയും സ.ഉ.(കൈ)നം.106/2024/പൊ.വി.വ തീയതി. 23.08.2024 പ്രകാരം 2 അധിക UPST തസ്തികകൾ അനുവദിച്ച് സർക്കാർ ഉത്തരാവുകയും ചെയ്തിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

4. സർക്കാർ ഇക്കാര്യം ഹർജിക്കാരുടെ വാദങ്ങൾ, സർക്കാർ മുൻപാകെ സമർപ്പിച്ച രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പാലക്കാട് ഇരുമ്പകശ്ശേരി എ.യു.പി. സ്കൂളിന് 2022-23 അധ്യയന വർഷം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 13/08/2022-ലെ ഉത്തരവ് നമ്പർ ദീ.തീ.C/48283/2022 പ്രകാരം അനുവദിച്ച 13 U.P. ഡിവിഷനുകൾ ഉൾപ്പെടെയുള്ള 21 ഡിവിഷനുകൾ നിലനിർത്തിയും 2 അധിക യു.പി.എസ്.ടി തസ്തികകളിൽ നിയമിതരായ അധ്യാപകരുടെ നിയമനങ്ങൾ, 2 എൽ.പി.എസ്.ടി. തസ്തികകൾ സംരക്ഷിതാധ്യാപകർക്കായി വിട്ടു നൽകിയിട്ടുള്ളത് പരിഗണിച്ച് അംഗീകരിച്ചു നൽകിയും ഉത്തരവാകണമെന്നതാണ് സ്കൂൾ മാനേജരുടെ ഹർജിയിലെ ആവശ്യം. ടി വിഷയത്തിൽ ശ്രദ്ധയിൽപ്പെട്ട വസ്തുതകൾ ഇവയാണ്:

(a) ടി സ്കൂളിൽ 26.05.2022 തീയതിയിൽ തിരുമറ്റക്കോട് ഗ്രാമപഞ്ചായത്ത് LSGD അസിസ്റ്റൻറ് എൻജിനീയർ അനുവദിച്ച ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം ലഭ്യമായ 23 മുറികളിൽ രണ്ട് എക്സ്ട്രാ സ്പേസ് ഒഴിവാക്കി ബാക്കിയുള്ള 21 മുറികൾക്ക് ആനുപാതികമായി LP വിഭാഗത്തിൽ 8-ഉം യുപി വിഭാഗത്തിൽ 13-ഉം ഉൾപ്പെടെ ആകെ 21 ഡിവിഷനുകൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ചു (Ext P1).

(b) അറബി പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ 1, 5, 6 ക്ലാസ്സുകളിലുണ്ടായ വർദ്ധനവിന് അനുസരിച്ച് യു.പി. വിഭാഗത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒരു അധിക ജൂനിയർ അറബിക് തസ്തിക കൂടി ശിപാർശ ചെയ്തു.

(c) ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ 04/11/2022-ൽ സ്കൂൾ സന്ദർശിച്ചതിനെ തുടർന്ന് അഞ്ചാം ക്ലാസിലെ അധിക അറബിക് ഡിവിഷൻ കുറവ് ചെയ്ത് 1,6 ക്ലാസ്സുകളിൽ അധിക ജൂനിയർ അറബിക് തസ്തിക അനുവദിക്കുന്നതിനും, എൽ.പി.യിൽ 32 പീരീഡും യു.പി.യിൽ 28 പീരീഡും വരുന്നതിനാൽ ഒരു അധിക ജൂനിയർ ലാംഗ്വേജ് എൽ.പി.യിൽ അനുവദിക്കുന്നതിനും ശിപാർശ ചെയ്തു.

(d) കൂടാതെ, തസ്തിക നിർണയത്തിൽ പരിഗണിച്ചിരുന്ന ക്ലാസ് മുറികളിൽ 2 പ്രീപ്രൈമറി ക്ലാസുകൾ നടത്തിയിരുന്നതിനാൽ മതിയായ അക്കോമഡേഷൻ ലഭ്യമല്ലെന്നും, സ്റ്റേജ് കൂടി പരിഗണിച്ചാൽ പോലും ഒരു ക്ലാസ് മുറിയുടെ കുറവ് വരുന്നുവെന്നും കണ്ടെത്തിയതിനെ തുടർന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ എക്സ്ട്രാ സ്പേസ് ആയി 3 മുറികൾ കുറയ്ക്കുകയും അഞ്ചാം ക്ലാസിൽ ഒരു ഡിവിഷൻ കുറവ് ചെയ്യുകയും തൽഫലമായി ഒരു യു.പി.എസ്.ടി തസ്തിക കുറവ് വരുത്തുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തു.

(e) തുടർന്ന്, G.O.(Ms)No.95/2023/GEDN dated 07.07.2023 പ്രകാരം എൽ.പി. വിഭാഗത്തിൽ ഒരു അധിക ജൂനിയർ അറബിക് തസ്തികയും, അഞ്ചാം ക്ലാസിൽ ഒരു ഡിവിഷനും ആനുപാതികമായി ഒരു യു.പി.എസ്.ടി തസ്തികയും കുറവ് വരുത്തി എൽ.പി. വിഭാഗത്തിൽ എട്ടും യുപി വിഭാഗത്തിൽ 12-ഉം ഉൾപ്പെടെ ആകെ 20 ഡിവിഷനുകളും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ചു.

(f) സ.ഉ.(അച്ചടി) നമ്പർ.5/2022/പൊ.വി.വ. തീയതി 18.04.2022 പ്രകാരം KER അധ്യായം XIII ചട്ടം 12 ഉൾപ്പെടെയുള്ള ചട്ടങ്ങൾക്ക് വരുത്തിയിട്ടുള്ള ഭേദഗതികളുടെ അടിസ്ഥാനത്തിലാണ് 2022-23-ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി സ്കൂളിന് 21 ഡിവിഷനുകൾ അനുവദിച്ചിരുന്നതെങ്കിലും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഒരു യു.പി. ഡിവിഷൻ കുറവ് വരുത്തി 2022-23 വർഷത്തെ തസ്തിക പുനർനിർണയം നടത്തി ഉത്തരവായത്.

(g) 2023-24 അധ്യയന വർഷത്തിൽ, നിലവിലുള്ള കെട്ടിടത്തിനു മുകളിലായി നിർമ്മിച്ച 3 ക്ലാസ് മുറികൾക്ക് 15/07/2023-ൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതിനാൽ, 11/08/2023-ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂൾ സന്ദർശിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി 3 ക്ലാസ് മുറികളിൽ അദ്ധ്യയനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(h) 2023-24 വർഷം ലഭ്യമായ ആകെ 26 ക്ലാസ് മുറികളിൽ 2 എക്സ്ട്രാ ക്ലാസ് മുറികളും 2 പ്രീ പ്രൈമറി ക്ലാസ് മുറികളും ഒഴിവാക്കി ബാക്കിയുള്ള 22 ക്ലാസ് മുറികൾക്ക് അനുവദനീയമായ 22 ഡിവിഷനുകളിൽ 2022-23 വർഷം നിലനിന്നിരുന്ന 20 ഡിവിഷനുകൾ (LP-8, UP-12) തസ്തിക നിർണയത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിക്കുകയും, 5,6 ക്ലാസുകളിൽ ഓരോ അധിക ഡിവിഷനും ആനുപാതികമായി രണ്ട് അധിക

യു.പി.എസ്.ടി തസ്തികകളും അനുവദിക്കുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്യുകയും ചെയ്തു.

(i) G.O.(Ms) No. 106/2024/GEDN dated 23.08.2024 പ്രകാരം ടി സ്കൂളിന് രണ്ട് അധിക യു.പി.എസ്.ടി തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(j) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 2023-24 വർഷത്തെ തസ്തിക നിർണയ ഉത്തരവിൽ (Ext. P3), ടി സ്കൂളിൽ കുട്ടികളുടെ എണ്ണം അനുസരിച്ച് 26 ക്ലാസ് ഡിവിഷനുകൾക്ക് സാധ്യതയുണ്ടെന്ന് നിരീക്ഷിച്ചിട്ടുണ്ടെന്നും, 2 പ്രീ പ്രൈമറി ക്ലാസുകൾ പ്രവർത്തിക്കുന്നുവെന്നും, സ്റ്റേജ് പ്രീ പ്രൈമറി വിഭാഗത്തിനായി പരിഗണിച്ചാൽ പോലും 20 പ്രൈമറി ഡിവിഷനുകൾക്കുള്ള അക്കോമഡേഷൻ മാത്രമേ സ്കൂളിൽ ലഭ്യമാകുന്നുള്ളൂവെന്നുമുള്ള വിദ്യാഭ്യാസ ഓഫീസർമാരുടെ നിരീക്ഷണം വസ്തുതയ്ക്ക് നിരക്കാത്തതാണെന്നും, 2022-23 വർഷം പ്രീ പ്രൈമറിക്ക് ഒറ്റ ഡിവിഷനേ ഉണ്ടായിരുന്നുള്ളൂവെന്നും, ടി വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം 24 അക്കോമഡേഷൻ അനുവദനീയമാണെന്നും, ഇതിൽ ഒരു പ്രീ പ്രൈമറി സെക്ഷൻ കഴിഞ്ഞ് 21 ക്ലാസ് ഡിവിഷനുകൾക്ക് അക്കോമഡേഷൻ ലഭ്യമാണെന്നും, പ്രീ പ്രൈമറി പ്രവർത്തിക്കുന്നത് സ്റ്റേജിലാണെന്നും, സ്റ്റേജ് സ്കൂളിന്റെ അക്കോമഡേഷനായി ആയി പരിഗണിച്ചിട്ടില്ലെന്നും, എൽ.പി.യിലെ രണ്ട് തസ്തിക സംരക്ഷിതാധ്യാപകർക്കായി വിട്ടു നൽകിയിട്ടുണ്ടെങ്കിലും അധ്യാപകരെ ഇതുവരെയും നിയമിച്ചിട്ടില്ലാത്തതിനാൽ രണ്ട് ക്ലാസുകളിലെ കുട്ടികളെ മറ്റു ക്ലാസുകളിൽ ഉൾക്കൊള്ളിക്കുകയും അതുമൂലം രണ്ട് ക്ലാസുകൾ ഒഴിഞ്ഞു കിടന്ന സാഹചര്യത്തിൽ പ്രീ പ്രൈമറി കുട്ടികളെ താൽക്കാലികമായി അവിടെ ഉൾക്കൊള്ളിച്ചതാണെന്നും, 2022-23 തസ്തിക പുനർനിർണയത്തിൽ ഒരു യു.പി.എസ്.ടി തസ്തിക മുൻകാല പ്രാബല്യത്തിൽ പിൻവലിച്ചത് നിലനിൽക്കുന്നതല്ലെന്നും ടി വർഷം 2 അധിക യു.പി.എസ്.ടി തസ്തികയിൽ 2021-22 മുതൽ ജോലി ചെയ്തു വന്നിരുന്ന ശ്രീ. അമലിനും 2023 മുതൽ തുടരുന്ന ശ്രീമതി. ഷിജി ടി.കെ.യ്ക്കും നിയമനാംഗീകാരം ലഭിക്കാതെ നിൽക്കുന്നുണ്ടെന്നും, ടി സാഹചര്യങ്ങൾ പരിഗണിച്ച് 2022-23 വർഷം Ext. P1 (തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നമ്പർ. ദീ.തീ. C/48283/2022 തീയതി 13.08.2022) പ്രകാരം അനുവദിച്ച 13 യു.പി. ഡിവിഷനുകൾ ഉൾപ്പെടെയുള്ള 21 ഡിവിഷനുകൾ നിലനിർത്തിയും 2 എൽ.പി.എസ്.എ. തസ്തികകൾ സംരക്ഷിത അധ്യാപകർക്ക് വിട്ടു നൽകിയിട്ടുള്ളത് പരിഗണിച്ച് 2 അധിക യു.പി.എസ്.ടി തസ്തികയിൽ നിയമിക്കപ്പെട്ടവർക്ക് നിയമനാംഗീകാരം നൽകിയും ഉത്തരവാകണമെന്നുമാണ് ഹർജിക്കാരൻ വാദിക്കുന്നത്.

**5.** പാലക്കാട് തിരുമിറ്റക്കോട് ഇരുമ്പകശ്ശേരി എ.യു.പി സ്കൂളിലെ സ്റ്റേജ് ഓട് മേഞ്ഞ് കൂടിയിട്ടുള്ളതാണ്. വൈദ്യുതി, ഫാൻ എന്നിവ പ്രസ്തുത സ്റ്റേജിൽ ക്രമീകരിച്ചിട്ടുണ്ട്. ആവശ്യത്തിന് വെളിച്ചവും വായുസഞ്ചാരവും മുറിയിൽ ലഭ്യമാണ്. ഓട് മേഞ്ഞ മേൽക്കൂര ആയതിനാൽ false ceiling സജ്ജീകരിക്കുന്നത് പ്രീ പ്രൈമറി കുട്ടികളുടെ ക്ലാസ്സിന് കൂടുതൽ അനുയോജ്യമാകും. പ്രസ്തുത കെട്ടിടത്തിന് അസിസ്റ്റൻ്റ് എഞ്ചിനീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത് പ്രകാരം സ്റ്റേജ് പ്രീപ്രൈമറി ക്ലാസ്സ് നടത്താനുള്ള അക്കൊമൊഡേഷനായി പരിഗണിക്കാവുന്നതാണെന്ന് പാലക്കാട് വിദ്യാഭ്യാസ

ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, പാലക്കാട് തിരുമിറ്റക്കോട് ഇരുമ്പകശ്ശേരി എ.യു.പി സ്കൂളിൽ 2022-23 വർഷം പ്രവർത്തിച്ചിരുന്ന പ്രീ പ്രൈമറിക്കുള്ള അക്കോമഡേഷനായി സ്കൂളിന്റെ സ്റ്റേജ് പരിഗണനയിലെടുത്തുകൊണ്ട് 2022-23 വർഷം ടി സ്കൂളിന് 21 ഡിവിഷനുകൾ അനുവദിച്ചുകൊണ്ടുള്ള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ദീ.തീ. C/48283/2022, തീയതി 13/08/2022 നമ്പർ നടപടി ഉത്തരവ് (Ext P1) നിലനിർത്തിയും, 2 എൽ.പി.എസ്.ടി. തസ്തികകൾ സംരക്ഷിത അധ്യാപകർക്ക് വിട്ടു നൽകിയിട്ടുള്ളത് പരിഗണിച്ച്, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ യു.പി.എസ്.ടി തസ്തികയിൽ നിയമനാംഗീകാരം ലഭിക്കാതെ തുടരുന്ന 2 യു.പി.എസ്.ടി.മാർക്ക് ഭിന്നശേഷി സംവരണ വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകിക്കൊണ്ട് പരാമർശം (1) പുന:പരിശോധന ഹർജി (Ext P5) തീർപ്പാക്കി അപ്രകാരം WP(C) No. 9579/2024 ഹർജിയിൽ ബഹു. ഹൈക്കോടതിയുടെ പരാമർശം (2) വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ്:

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃത്താല, പാലക്കാട്.
ശ്രീ.സി.പി. മൊഹമ്മദ്, മാനേജർ, എ.യു.പി. സ്കൂൾ, ഇരുമ്പകശ്ശേരി, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതു വിദ്യാഭ്യാസ (ജെഎ) വകുപ്പ് (27/02/2025 തീയതിയിലെ ജെഎ1/484/2024-പൊവിവ കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 23-12-2025 12:29:34
സെക്ഷൻ ഓഫീസർ